# കേരളത്തിൽ രാഷ്ട്രീയഭദ്രത എങ്ങിനെയുണ്ടാക്കാം

— എം. എ. ജോൺ

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് ഫോറത്തിൽ
അവതരിപ്പിക്കുവാൻ തയാറാക്കിയതു് –

കെ. പി. സി. സി. അംഗങ്ങൾക്കിടയിൽമാത്രം
പ്രചരിപ്പിക്കുന്നതിനു്

# കേരളത്തിൽ രാഷ്ട്രീയഭദ്രത എങ്ങിനെയുണ്ടാക്കാം

കേരളത്തിന്റെ രാഷ്ട്രീയ ഭദ്രത തകർന്നിരിക്കുന്നു. ഈ തകർച്ചയിൽനിന്നു കേരളത്തെ രക്ഷിക്കാമെന്ന ഭാവേന വർഗ്ഗീയ പിൻതിരിപ്പൻ ശക്തികളെല്ലാം ഒരു പാവനസഖ്യത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭരണങ്ങൾ ഉണ്ടാക്കുകയും, തകർക്കുകയും ഒരു വിനോദപരിപാടിപോലെ സ്വീകരിക്കുന്ന ഇവരുടെ താൽപര്യം സംരക്ഷണത്തിന് ഏററവും പ്രയോജനപ്രദം ഒരു കക്ഷിയുടെ ഭരണത്തേക്കാൾ കക്ഷികളുടെ ഐക്യഭരണമാണെന്ന് അവർ കഴിഞ്ഞകാല അനുഭവങ്ങളിൽനിന്നു മനസ്സിലാക്കിയിട്ടുണ്ട്. തങ്ങളുടെ സ്വാധീനം നിലനിർത്തുന്നതിന്ന് ഒരു ഭരണത്തിനായി ജനങ്ങളിൽ പ്രചരണവും, രാഷ്ട്രീയനേതാക്കളെ ആ പ്രചരണത്തിൽ കുടുക്കുന്നതിന്ന് പരോക്ഷശ്രമവും അവർ ആരംഭിച്ചിരിക്കുന്നു.

കേരളത്തിന്റെ രാഷ്ട്രീയ സുസ്ഥിരതക്ക് കാലാവധി പൂർത്തിയായി ഭരിക്കുന്നതും തെരഞ്ഞെടുക്കപ്പെട്ടതുമായ ഒരു ഗവർമ്മെൻറുണ്ടാവണം. ഇപ്രകാരം ഒരു ഗവർമ്മെൻറുണ്ടായിക്കാണുവാൻ കേരളീയർ ഇന്നാഗ്രഹിക്കുന്നുണ്ട്. ജനങ്ങളുടെ അഭിലാഷം നിറവേററുന്നതിന്ന് രാഷ്ട്രീയ കക്ഷികൾ ഇതുവരെ മുൻപോട്ടു വെച്ച നിർദ്ദേശങ്ങൾ ഒന്നും ജനങ്ങളിൽ പ്രതീക്ഷയുളവാക്കുന്നതിന്ന് പര്യാപ്തമായിട്ടില്ല. ഇതിനു കാരണം കഴിഞ്ഞകാലാനുഭവങ്ങളാണ്.

കഴിഞ്ഞ പത്തൊൻപതു വർഷങ്ങൾക്കിടയിൽ, ഭാരതത്തിൽ മൂന്നു വിജയകരമായ തെരഞ്ഞെടുപ്പുകൾ നടത്തുകയും, കേന്ദ്രത്തിലും കേരളം ഒഴിച്ചുള്ള സംസ്ഥാനങ്ങളിലും ഭദ്രമായ ഭര

ണം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ മൂന്നു തെരഞ്ഞെടുപ്പുകൾകൊണ്ട് കേരളത്തിൽ സുസ്ഥിരമായ ഭരണം സ്ഥാപിക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പു വിജയത്തെമാത്രം ലക്ഷ്യംവെച്ചു പ്രവർത്തിച്ചതിന്റെ ഫലമായി 4 തെരഞ്ഞെടുപ്പു കൂടുതൽ നടന്നിട്ടും ഭദ്രമായ ഭരണം സ്ഥാപിക്കാൻ കഴിഞ്ഞില്ല. ഇതിനെല്ലാം ഉപരി 1965-ൽ നടന്ന അവസാന ഇടക്കാല തെരഞ്ഞെടുപ്പിനുശേഷം ഏതെങ്കിലും ഒരു കക്ഷിക്കോ കക്ഷികൾ കൂട്ടുചേർന്നോ താൽക്കാലികമായിപ്പോലും ഭരണമുണ്ടാക്കുന്നതിനു സാധിക്കാതെ നിയമസഭ പിരിച്ചുവിടേണ്ടിവന്നു. ഇതിന്റെ ഫലമായി കേരളം നാലാം പ്രാവശ്യം പ്രസിഡണ്ട് ഭരണത്തിൽ കഴിയുകയാണ്.

തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ വീണ്ടും അണിയറയിൽ ആരംഭിച്ചിരിക്കുന്നു. ആകാവുന്ന പരീക്ഷണങ്ങളും കൂട്ടുകെട്ടുകളും നടത്തിയിട്ടും ഈ നില വന്നുചേർന്നതിന്റെ ഫലമായി രാഷ്ട്രീയ കക്ഷികളും അവയുടെ നേതാക്കളും മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം ചിന്താകുഴപ്പത്തിലെത്തിയിരിക്കുന്നു. പ്രശ്നപരിഹാരത്തിനായി ഇതിനിടയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരേ ഒരു മാർഗ്ഗം ഐക്യകക്ഷിഭരണമാണ്. ഐക്യത്തിലൂടെ അധികാരത്തിലെത്താൻ ആഗ്രഹിച്ചുകൊണ്ട് കക്ഷികൾ രണ്ടുകേന്ദ്രങ്ങളിലേക്ക് പരക്കംപായുന്നു. കോൺഗ്രസ്സിനെ മുൻനിറുത്തിയുള്ള ജനാധിപത്യഐക്യമാണ് ഒരു നിർദ്ദേശം. മറ്റൊന്നു ഇടതുപക്ഷകമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് വിരുദ്ധ മുന്നണിയാണ്. ഈ രണ്ടു മാർഗ്ഗങ്ങൾ ഇന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുകയാൽ ഇവയോരോന്നും പ്രത്യേകം പരിശോധിക്കേണ്ടിയിരിക്കുന്നു.

## 1. ജനാധിപത്യ ഐക്യം

ജനാധിപത്യ ഐക്യവാദികൾ ജനാധിപത്യ പ്രേമികളാണെന്നു ഭാവിക്കുന്നു. ജനാധിപത്യസംരക്ഷണമാണ് അവരുടെ

ലക്ഷ്യം. ജനാധിപത്യം എന്നതു് ഒരു ഭരണരീതി എന്നതിനേക്കാൾ ഭരണലക്ഷ്യമായി അവർ കരുതുന്നു. ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ചു് ജനാധിപത്യം സംരക്ഷിച്ചാൽ എല്ലാം പൂർത്തിയായി എന്നവർ വിശ്വസിക്കുന്നു. ജനാധിപത്യ കക്ഷികളെന്നു് അവർ കരുതുന്ന കക്ഷികൾ ഒന്നിച്ചു തെരഞ്ഞെടുപ്പിനെ നേരിട്ടു് ജനാധിപത്യ വിരുദ്ധരെന്നു അവർ ആരോപിക്കുന്ന കക്ഷികളെ പരാജയപ്പെടുത്തണമെന്നാണു് വാദം. ജനാധിപത്യ പ്രക്രിയയിൽ ഭരണകക്ഷിയും പ്രതിപക്ഷവും ഉണ്ടായിരിക്കുകയും രണ്ടു കൂട്ടരും ജനാധിപത്യത്തിൽ വിശ്വസിക്കുകയും വേണമല്ലോ. ജനാധിപത്യകക്ഷികളെല്ലാം ഒന്നിച്ചു ഭരിക്കാൻ ആരംഭിച്ചാൽ പ്രതിപക്ഷത്തു് ജനാധിപത്യ വിരുദ്ധന്മാർ മാത്രമാകും. അപ്പോൾ ജനാധിപത്യ പ്രക്രിയ അപകടത്തിലാകും. അല്ലെങ്കിൽ പ്രതിപക്ഷം ജനായത്തകക്ഷിയാണെന്നംഗീകരിക്കണം. അപ്പോൾ ജനാധിപത്യ ഐക്യം അപൂർണ്ണമാകുകയും ചെയ്യും. ഇതിൽനിന്നു് ഒന്നു് വ്യക്തമാണു്. ജനാധിപത്യ ഐക്യം അപ്രായോഗികമാണു്, അല്ലെങ്കിൽ ജനാധിപത്യ വിരുദ്ധമാണു്.

കഴിഞ്ഞകാലങ്ങളിൽ ജനാധിപത്യകക്ഷികളിൽപ്പെട്ട ചില കക്ഷികൾ ഒന്നിച്ചു് ഇവിടെ ഭരിച്ചിട്ടുണ്ടു്. ഭരണംസുഗമമായി മുൻപോട്ടു കൊണ്ടുപോകുവാൻ കഴിയാതെ എല്ലായ്പോഴും തകരുകയാണുണ്ടായിട്ടുള്ളതു്. 1952., 1954, 1955,1960 എന്നീ കാലങ്ങളിലുണ്ടായ എല്ലാ ഐക്യകക്ഷി ഭരണങ്ങളും തകർന്നുവീണു.

ജനാധിപത്യഭരണക്രമത്തിൽ കക്ഷികൾ വളരെ വർദ്ധിക്കുന്നതു് അനഭിലഷണീയമാണു്. കക്ഷിവർദ്ധനവുകൊണ്ടാണല്ലോ ഐക്യം ഉണ്ടാക്കേണ്ടിവരുന്നതും, ഉറച്ച ഭരണത്തിനു വിഷമതകൾ ഉണ്ടാവുന്നതും. എന്നാൽ കേരളത്തിൽ ഐക്യപരീക്ഷണങ്ങൾ നടന്നതിന്റെ ദുഷ്ഫലം കക്ഷികൾ പിളരുകയും പുതിയ കക്ഷികൾ 'കൂണ്'കൾപോലെ പൊങ്ങിവരികയും, വ്യക്തികൾ തങ്ങളുടെ സ്ഥാനങ്ങൾ സുരക്ഷിതമാക്കു

ന്നതിന് കക്ഷികൾ ഉണ്ടാക്കുന്നതു് ഫലപ്രദമായ ഒരു മാർഗ്ഗമായി ബോധപൂർവ്വം സ്വീകരിക്കുകയും ചെയ്യുന്നതാണ്. ജനാധിപത്യസംരക്ഷണാർത്ഥം വികാരപരമായി ചിന്തിച്ചുണ്ടാക്കിയ ജനാധിപത്യഐക്യം ജനാധിപത്യത്തിനു തന്നെ കണ്ടകോടാലിയായിത്തീരുകയും ചെയ്തു. ഒരു രാജ്യത്തിന്റെ വിപൽഘട്ടത്തിൽ അത്യന്താപേക്ഷിതമെങ്കിൽ മാത്രം താൽക്കാലികമായി ഉണ്ടാക്കാവുന്ന ഭരണരീതിയാണ് ഐക്യകക്ഷിഭരണം. അതുകൊണ്ടു് ജനാധിപത്യഐക്യം കേരളത്തിന്റെ പ്രശ്നപരിഹാരത്തിന് ഫലപ്രദമായ മാർഗ്ഗമല്ല.

## കോൺഗ്രസ് വിരുദ്ധഐക്യം

കോൺഗ്രസ്സിതര കക്ഷികൾ തങ്ങളുടെ ശക്തിഹീനത ബോധപൂർവ്വം മനസ്സിലാക്കി, ശക്തമായ കോൺഗ്രസ്സിനെ എതിർക്കുന്നതിന് തങ്ങളുടെ വൈരുദ്ധ്യങ്ങളെ തൽക്കാലം മറച്ചുകൊണ്ടു് ഒന്നിക്കുന്നതൊഴിച്ചാൽ ഒരു ഗവർമ്മെൻറുണ്ടാക്കുവാൻ അവർക്കൊരിക്കലും സാധിക്കുകയില്ല 1960-ലെ തെരഞ്ഞെടുപ്പിലൊഴികെ എല്ലാ തെരഞ്ഞെടുപ്പിലും ഈ കോൺ: വിരുദ്ധർക്ക് ഭൂരിപക്ഷം ലഭിച്ചിരുന്നു എങ്കിലും ഒരു ഭരണം സ്ഥാപിക്കുന്നതിനവർക്കു കഴിഞ്ഞിട്ടില്ല 1957-ൽ കമ്മ്യൂണിസ്റ്റു കക്ഷിക്ക് ഒററക്ക് ഭൂരിപക്ഷം ലഭിച്ചപ്പോൾ മാത്രമാണ് അവർ ഒരു ഭരണം സ്ഥാപിച്ചതു്. 1965 ലെ തെരഞ്ഞെടുപ്പിലും പരസ്പരധാരണയോടുകൂടി തെരഞ്ഞെടുപ്പിനെ നേരിട്ട് കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയ കക്ഷികൾക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചിരുന്നു. എന്നാൽ ഭൂരിപക്ഷം ലഭിച്ചവരുടെ പ്രഥമകർത്തവ്യമായ ഭരണം സ്ഥാപിക്കുന്നതിനു കഴിയാതെ നിരുത്തരവാദിത്വത്തോടുകൂടി പെരുമാറി നിയമസഭ പിരിച്ചുവിടുവിക്കുകയാണുണ്ടായതു്. ഇടതുപക്ഷ ഐക്യമുന്നണി ഭരണസ്ഥിരത ഇല്ലായ്മക്ക് പ്രതിവിധി അല്ലെന്നു് ഇതിൽനിന്നു മനസ്സിലാക്കാം

ഉറച്ച ഭരണം സ്ഥാപിക്കാൻ ഒരു കക്ഷിതന്നെ ഭൂരിപക്ഷം നേടണം. ഒരു കക്ഷിക്ക് ഭൂരിപക്ഷം ലഭിച്ച അവസരത്തിൽ ഭരണസ്ഥിരത ഉണ്ടായിട്ടുണ്ട്. 1948-ൽ തിരുവിതാംകൂറിൽ ഭൂരിപക്ഷം ലഭിച്ച കോൺഗ്രസ്സ് — മന്ത്രിസഭകൾ മാററുകയുണ്ടായെങ്കിലും — കാലാവധി പൂർത്തിയാകുന്നതുവരെ തുടർച്ചയായി ഭരിച്ചു. 1957 ലുണ്ടായ കമ്മ്യൂ: ഭരണം പിരിച്ചുവിടുന്നതുവരെ ഭരിച്ചതും ഇതിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കാം. ഈ സംസ്ഥാനത്തോടൊപ്പം ജനാധിപത്യഭരണമാരംഭിച്ച കേന്ദ്രത്തിലും ഇതരസംസ്ഥാനങ്ങളിലും ഉറച്ചഭരണം നിലനിൽക്കുന്നതിന്റെ കാരണം ഒരു കക്ഷിക്കു ഭൂരിപക്ഷം ലഭിച്ചതുകൊണ്ടാണ്.

കേരളത്തിൽ ഒററയ്ക്ക് ഭൂരിപക്ഷംനേടി ശക്തമായ ഭരണം സ്ഥാപിക്കുവാൻ സാധിക്കുന്ന ഏകകക്ഷി കോൺഗ്രസ്സാണ്. കോൺഗ്രസ്സിനെ തെരഞ്ഞെടുപ്പിൽ നേരിടുന്നതിന് എല്ലാ കക്ഷികളും ഒന്നിച്ചു കൂടുവാൻ കാണിക്കുന്ന "വെപ്രാള"ത്തിൽനിന്നു തന്നെ ഈ വസ്തുത വ്യക്തമാകുന്നുണ്ട്. രാഷ്ട്രീയഭദ്രതയ്ക്കുവേണ്ടി ഉറപ്പുള്ള ഭരണം സ്ഥാപിക്കുന്നതിനുള്ള ഏക മാർഗ്ഗം കോൺഗ്രസ്സ് ഭൂരിപക്ഷം നേടുകയാണ്.

കോൺഗ്രസ്സ് ഒററയ്ക്കു ഭൂരിപക്ഷം നേടുകയെന്നതു് കെ. പി. സി. സി നേതാക്കൾക്ക് പ്രത്യക്ഷത്തിൽ പ്രയാസമായി തോന്നുകയാൽ അവർ ചിന്താക്കുഴപ്പത്തിലെത്തിയിരിക്കുന്നു. ഈ ചിന്താക്കുഴപ്പംകൊണ്ട് കോൺഗ്രസ്സിന്റെ ശക്തിയെ ശരിയായി വിലയിരുത്തുന്നതിനവർക്കു കഴിഞ്ഞിട്ടില്ല. കോൺഗ്രസ്സ് ശക്തിഹീനമായി എന്നവർക്ക് ധാരണയുണ്ടാവുകയും കോൺഗ്രസ്സിനെ ശക്തമാക്കുന്നതിനു് മാർഗ്ഗങ്ങളന്വേഷിക്കുകയും ചെയ്യുന്നു.

രണ്ടു മാർഗ്ഗനിർദ്ദേശങ്ങളാണ് ഇന്നുണ്ടായിരിക്കുന്നതു്. ഒന്ന്, കോൺഗ്രസ്സ് വലതുപക്ഷ കമ്മ്യൂണിസ്റ്റുകളുമായി നീക്കുപോക്കുണ്ടാക്കി തെരഞ്ഞെടുപ്പിൽ നേരിടുക. രണ്ട്, കോൺഗ്രസും കേരളാകോൺഗ്രസ്സുമായി ധാരണയോ ഐക്യമോ ഉണ്ടാക്കുക അല്ലെങ്കിൽ കേരളാകോൺഗ്രസ്സിനെ ലയിപ്പിച്ചശേഷം കോൺഗ്രസ്സ്

ഒററയ്ക്കു് തെരഞ്ഞെടുപ്പിൽ മൽസരിക്കുക. ഈ രണ്ടു നിർദ്ദേശങ്ങളും പരിശോധിക്കേണ്ടതാണു്.

വലതു കമ്മ്യൂണിസ്റ്റുകളുമായി ഉണ്ടാക്കാവുന്ന നീക്കുപോക്കു് ആദ്യമായി പരിശോധിക്കാം. വലതു കമ്മ്യൂ: കളുമായി ബന്ധപ്പെടുന്നതുകൊണ്ടു്, ഒരു സോഷ്യലിസ്റ്റു പാർട്ടിയായ കോൺഗ്രസ്സിന്നു് ജന്മി മുതലാളികളെ എതിർക്കുന്നതിനു് കൂടുതൽ ശക്തി ലഭിക്കുന്നതും, കോൺഗ്രസ്സിനുള്ളിലുള്ള, സോഷ്യലിസ്റ്റ് വിരുദ്ധ ശക്തികളെ പുറത്തുകളയുന്നതിനു് കോൺഗ്രസ്സിലെ സോഷ്യലിസ്റ്റുകാർക്കു് സാധിക്കുന്നതുമാണു്. കോൺഗ്രസ്സിന്നു് നിയമസഭയിൽ സീററുകളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതും ഭൂരിപക്ഷം നേടാവുന്നതുമാണു്.

കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ കണക്കുകൾ പരിശോധിച്ചാൽ കോൺഗ്രസ്സിന്നു ലഭിച്ച മുപ്പത്തിയാറ സ്ഥാനങ്ങളിൽ പുനലൂർ, ആലപ്പുഴ, തിരുവനന്തപുരം, ആര്യനാട്ടു്, ഇരിങ്ങാലക്കുട, തൃശ്ശൂർ, കൊല്ലം, പൊന്നാനി, ഇരവിപുരം, വൈക്കം, മണലൂർ, വർക്കല, കുണ്ടറ, ചേലക്കര, കൃഷ്ണപുരം, നെയ്യാററിൻകര, വാമനപുരം, അമ്പലപ്പുഴ, മാള, കഴക്കൂട്ടം, കരുനാഗപ്പള്ളി, കുന്നത്തുനാട്ടു്, എന്നീ ഇരുപത്തിരണ്ടു സ്ഥാനങ്ങൾ വലതു്– ഇടതു് കമ്മ്യൂ: കളുടെ മൽസരംകൊണ്ടു് ലഭിച്ചവയാണു്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലെ വോട്ടുകൾമാത്രം കണക്കാക്കിയാൽ വലതു്– ഇടതു് കമ്മ്യൂണിസ്ററുകൾ യോജിച്ചിരുന്നു എങ്കിൽ ഈ ഇരുപത്തി രണ്ടു സ്ഥാനങ്ങൾ കോൺഗ്രസ്സിന്നു് നഷ്ടപ്പെടുമായിരുന്നുവെന്നു കാണാം നീക്കുപോക്കുണ്ടാക്കുന്നുവെങ്കിൽ കഴിഞ്ഞ തവണ വിജയിച്ച 36 സീററുകളും കോൺഗ്രസ്സിന്നു ഉറപ്പുവരുത്താവുന്നതാണു്. വലതു് കമ്മ്യൂണിസ്ററുകൾക്കു് കോൺഗ്രസിനേക്കാൾ കൂടുതൽ വോട്ടുലഭിച്ച സ്ഥാനങ്ങൾ അവർക്കു് നൽകി നീക്കുപോക്കുണ്ടാക്കാം. ഇപ്രകാരം ചെയ്യുന്നുവെങ്കിൽ കോൺഗ്രസ്സിന്നു്. അരൂർ, പീരുമേട്ടു്, വടക്കാഞ്ചേരി, ഒല്ലൂർ, ചേർത്തല, തിരുവനന്തപുരം (1,) ഗുരുവായൂർ, കല്ലൂർമാന്നൂർ, കായംകുളം,

കുന്നത്തൂർ, കുന്നംകുളം, മൂവാററുപുഴ, ചടയമംഗലം, കാസർകോട്; കോതമംഗലം, എന്നീ സീററുകാംകൂടി ഉറപ്പായി ലഭിക്കുന്നതാണ്. വലതുകമ്മ്യൂണിസ്ററുകാംക്ക് അവർ ജയിച്ച കൊടകര, ഉടുമ്പൻചോല, പത്തനാപുരം, എന്നീ മൂന്നു സ്ഥാനങ്ങാം കൂ പുറമെ പട്ടാമ്പി, പാലാ, പൂഞ്ഞാർ, അടൂർ, തൊടുപുഴ; കൊട്ടാരക്കര, ചാത്തന്നൂർ, ചങ്ങനാശ്ശേരി, എന്നിവകൂടി ലഭിച്ച് പതിനൊന്നായി വർദ്ധിക്കുന്നതാണ്. കോൺഗ്രസ്സിനു 132 വോട്ടുമുതൽ - 2419 വോട്ടുവരെ കുറവുള്ള ആററിങ്ങൽ, നാട്ടിക, മാരാരിക്കുളം, പള്ളുരുത്തി, തിരുവല്ല, കോഴിക്കോട്, നേമം, പാലക്കാട്, കോട്ടയം, കണ്ണൂർ, തലശ്ശേരി, ശ്രീകൃഷ്ണപുരം, അങ്കമാലി, മണ്ണാർകാട്, വടകര, ദേവികുളം, പുതുപ്പള്ളി, റാന്നി തളിപ്പറമ്പ്, വാഴൂർ, തിരൂർ, കൂത്തുപറമ്പ് എന്നീ ഇരുപത്തിയെട്ടു സ്ഥാനങ്ങാംകൂടി ലഭിക്കാവുന്നതും കോൺഗ്രസ്സിൻെറ സ്ഥാനങ്ങാം 36 + 15 + 28 = 79 ആകാവുന്നതുമാണ് വലതുകമ്മ്യൂണിസ്ററുകാംക്ക് 11 സ്ഥാനങ്ങളും ലഭിക്കും. അങ്ങിനെ ഭരണമുണ്ടാകുവാൻ സാധിച്ചേക്കും.

ഈ ധാരണമൂലം കോൺഗ്രസ്സിനു് മലബാറിൽനിന്നു 12 സ്ഥാനങ്ങാം ലഭിക്കാവുന്നതാണ്. ഇടതുകമ്മ്യൂണിസ്റ്റുകളുടെ 23 സീററുകളും, കേരളകോൺഗ്രസ്സിൻെറ 16 സീററുകളും, എസ്സ് എസ്സ് പിയുടെ 5 സീററുകളും, മുസ്ലീംലീഗിൻെറ 2 സീററുകളും, ഇടതുകമ്മ്യൂ സ്വതന്ത്രരുടെ 5 സീററുകളും നഷ്ടപ്പെടാം. കോൺഗ്രസ്സ് ഒഴികെയുള്ള എല്ലാവർക്കുംകൂടി ലഭിക്കുന്നതു് 54 സീററുകളായിരിക്കും. ഇതുമൂലം ഇടതു-വലതുകമ്മ്യൂണിസ്റ്റുകളുടെ ശക്തിതുല്യമാവുകയും അവരുടെ മൽസരം രൂക്ഷമാവുകയും ചെയ്യും. കേരളാകോൺഗ്രസ്സ്, മുസ്ലീംലീഗ്, എസ്. എസ്. പി. എന്നിവയുടെ ശക്തിവളരെ ക്ഷയിക്കുകയും ചെയ്യും.

വലതുകമ്മ്യൂണിസ്റ്റുകാരുമായി കോൺഗ്രസ്സ് ധാരണയുണ്ടാക്കുന്നതിനെപ്പററിയാണ് ഇത്രയും വിവരിച്ചതു്. എന്നാൽ

ഇത്തരത്തിൽ ഒരു ധാരണക്കു് സാദ്ധ്യതയില്ല. കാരണം കോൺഗ്രസ്സും വലതുകമ്മ്യൂണിസ്റ്റുപാർട്ടിയും അഖിലേന്ത്യാപാർട്ടികളാണു്. വരുന്ന തെരഞ്ഞെടുപ്പു് അഖിലേന്ത്യാതെരഞ്ഞെടുപ്പാണു്. പ്രാദേശികമായി തെരഞ്ഞെടുപ്പുധാരണ ഉണ്ടാക്കുക സാദ്ധ്യമല്ല മാത്രമല്ല, കോൺഗ്രസ്സ് അടുത്ത തെരഞ്ഞെടുപ്പിൽ ഒററക്കു മത്സരിക്കുന്നതാണെന്നു് പ്രഖ്യാപിച്ചിട്ടുണ്ടു്. വലതുകമ്മ്യൂണിസ്റ്റുപാർട്ടി കോൺഗ്രസ്സ് വിരുദ്ധമുന്നണിയിൽ ചേരുമെന്നും, കോൺഗ്രസ്സിനെ എതിർക്കുമെന്നും വ്യക്തമാക്കിയിരിക്കുകയുമാണു്.

രണ്ടാമത്തെ നിർദ്ദേശം കോൺഗ്രസ്സ് കേരളാകോൺഗ്രസ്സുമായി ഉണ്ടാകാവുന്ന ബന്ധങ്ങളെപ്പററിയാണു്. കോൺഗ്രസ്സും കേരളാകോൺഗ്രസ്സുമായി ഉണ്ടാകാവുന്ന ധാരണയും ഐക്യവും കോൺഗ്രസ്സിൽ കേരളാകോൺഗ്രസ്സിനെ ലയിപ്പിക്കുന്നതും എല്ലാം പ്രയോഗത്തിലും ഫലത്തിലും വലിയ വ്യത്യാസം ഉണ്ടാക്കുന്നില്ല. ഈ സന്ദർഭത്തിൽ കെ. പി. സി. സി. പ്രസിഡണ്ടിന്റെ പ്രസ്താവന പരിശോധിക്കേണ്ടതാണു്. "കോൺഗ്രസ്സും കേരളാകോൺഗ്രസ്സും രാഷ്ട്രീയമായും ആദർശപരമായും ഒന്നുപോലുള്ള അടിസ്ഥാനമുണ്ടായിത്തീർന്നിരിക്കുന്നു. അവരുടെ ലക്ഷ്യം ഒന്നായിരിക്കുന്നു. മാർഗ്ഗം ഒന്നായിരിക്കുന്നു. പുനരൈക്യത്തിന്റെ സാങ്കേതികവശങ്ങൾ മാത്രം ഉപരിതലത്തിലും വികാരപരമായ ഒരു വിദ്വേഷം മാത്രം കീഴ്‌വിളപ്പലും അവശേഷിക്കുന്നു. ഇതു പരിഹരിക്കുക അസാദ്ധ്യമാണെന്നു് ഞാൻ കരുതുന്നില്ല. യോജിപ്പിനുള്ള സന്ദർഭത്തെ നോക്കാത്ത പിടിവാശിമനസ്ഥിതി കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നു് ഐക്യമുണ്ടായാലും. പി. സി. സി. യാ[illegible] ഉണ്ടാവും." എന്നാണു്, കെ. പി. സി. സി. പ്രസിഡണ്ടു് പറയുന്നതു്. അതുകൊണ്ടു് ഐക്യത്തിന്റെയോ ധാരണയുടെയോ പ്രശ്നം ഉയർന്നുവരുന്നില്ല. പ്രത്യുത ലയനത്തെയാണു് പരിഗണിക്കേണ്ടതു്.

കേരളാ കോൺഗ്രസ്സിനെ കോൺഗ്രസ്സിൽ ലയിപ്പിക്കുന്നതിനെപ്പററി ആലോചിക്കുന്നില്ലെന്നും കേരളാ കോൺഗ്രസ്സുകാർ അവരുടെ കക്ഷി പിരിച്ചുവിട്ടു അല്ലാതെയാ വ്യക്തികളോ എന്ന നിലയിൽ കോൺഗ്രസ്സിൽ ചേരുന്നതിനെപ്പററിയാണാലോചിക്കുന്നതെന്നും കെ. പി. സി. സി. നേതാക്കൾ വിശദീകരിക്കുന്നുണ്ട്. ഈ വിശദീകരണത്തെ മുഖവിലക്കെടുക്കുവാൻ നിർവ്വാഹമില്ല. "പുനരൈക്യത്തിൻെറ സാങ്കേതിക വശങ്ങൾമാത്രം അവശേഷിക്കുന്നു" എന്ന് കെ. പി. സി. സി. പ്രസിഡണ്ട് പറഞ്ഞിരിക്കുന്നതിൻെറ അർത്ഥം, കേരളാ കോൺഗ്രസ്സുകാർ കോൺഗ്രസ്സിലേക്ക് വരുന്നെങ്കിൽ അത് ചില നിബന്ധനകളുടെ അടിസ്ഥാനത്തിലായിരിക്കുമെന്നാണ്. അങ്ങിനെയാണെങ്കിൽ അതു ലയനത്തിനു തുല്യമാണ്.

ലയനത്തിനനുകൂലമായി ഉന്നയിക്കപ്പെടുന്ന വാദഗതികൾ ഇവയാണ്.

1. ആദർശപരമായി യോജിപ്പുള്ള രണ്ടു രാഷ്ട്രീയ കക്ഷികൾ ഒന്നാകുന്നു.

2 കോൺഗ്രസ്സും കേരളാകോൺഗ്രസ്സും ഒന്നിച്ചു ചേരുമ്പോൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു ലഭിച്ച 36 സ്ഥാനങ്ങളും കേരളാകോൺഗ്രസ്സിനു ലഭിച്ച 23 സ്ഥാനങ്ങളും ഇരു കക്ഷികളും പരസ്പരം മത്സരിച്ചതു കൊണ്ട് നഷ്ടപ്പെട്ട 10 സ്ഥാനങ്ങളും ചേർത്തു 69 സ്ഥാനങ്ങൾ നേടാൻ കഴിയും.

3. ഇടതു കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലുള്ള ഭരണം ഒഴിവാക്കാൻ സാധിക്കുന്നു.

4. മലബാറിൽ ഇന്ന് മുസ്ലീംലീഗ് ഒരു കക്ഷിയെന്ന നിലയിൽ രാഷ്ട്രീയ ശല്യം ഉണ്ടാക്കിക്കൊണ്ട് നിൽക്കുന്നതുപോലെ കേരളാ കോൺഗ്രസ്സ് തിരു-കൊച്ചിയിൽ തുടരുന്നത് എന്നന്നേക്കുമായി അവസാനിപ്പിക്കുവാൻ കഴിയും.

ഈ വാഗ്ദതികളിലൊന്നിലും തന്നെ കഴമ്പില്ലെന്ന് വിശദമായി പരിശോധിച്ചാൽ കാണാം. ലയനം മൂലം താൽക്കാലികമോ ദൂരവ്യാപകമോ ആയ യാതൊരു നേട്ടങ്ങളും കോൺഗ്രസ്സിനുണ്ടാകുന്നില്ലെന്നു മാത്രമല്ല, വളരെയധികം കോട്ടങ്ങൾക്ക് കാരണമാകുന്നതുമാണ്.

1. കേരളാകോൺഗ്രസ്സുകാർ കോൺഗ്രസ്സിന്റെ ആദർശങ്ങളിൽ വിശ്വസിക്കുന്നവരല്ല. നായർ- ക്രിസ്തീയവർഗ്ഗീയക്കൂട്ടുകെട്ടാണ് കേരളാകോൺഗ്രസ്സ്. ഇവർക്കു ജനാധിപത്യ വിശ്വാസമില്ല. ഇവർ ജനാധിപത്യക്രമത്തിനു വിരുദ്ധമായാണ് കോൺഗ്രസ്സിൽനിന്നു പുറത്തുപോയത്. നായർഫ്യൂഡലിസത്തിന്റെയും, ക്രിസ്ത്യൻ കാപ്പിറ്റലിസത്തിന്റെയും ദുർഭഗസന്തതിയാണ് കേരളാകോൺഗ്രസ്സ്. ഇൻഡ്യയുടെ വിദേശനയത്തെ പരസ്യമായി ആക്ഷേപിക്കുന്നവരും സ്വതന്ത്രാ ജനസംഘം എന്നീ കക്ഷികളോട് ആശയപരമായ ആഭിമുഖ്യമുള്ളവരുമായ ഇവർ കോൺഗ്രസ്സിൽ കടന്നുവരുന്നത് കോൺഗ്രസ്സിന്റെ ആദർശപരമായ അടിത്തറ തകർക്കുകയും കോൺഗ്രസ്സിനെ ഒരു പിന്തിരിപ്പൻ രാഷ്ട്രീയ കക്ഷിയാക്കിമാറ്റുകയും ചെയ്യും.

2. ലയനഫലമായി കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് കോൺഗ്രസ്സിൽ കടന്നുവന്നിട്ടുള്ള പുരോഗമനസ്വഭാവമുള്ള പിന്നോക്കവിഭാഗങ്ങളാം കോൺഗ്രസ്സ് വിട്ടകലുന്നതാണ്. കൂടാതെ കോൺഗ്രസ്സിനെ എക്കാലവും എതിർത്തു പോന്നവരും, കോൺഗ്രസ്സിനെ എതിർക്കുന്നതിൽ കൂടുതൽ ഫലപ്രദമായ ഉപാധിയെന്നു കണ്ട് കേരളാകോൺഗ്രസ്സിൽ ചേർന്ന ഒരു വിഭാഗമാളുകളും ലയനംമൂലം കോൺഗ്രസ്സിൽ കടന്നുവരികയില്ല. ഇതുമൂലം ലയനശേഷമുള്ള കോൺഗ്രസ്സ് മുമ്പുള്ളതിനേക്കാൾ കൂടുതൽ ശക്തമാവുന്നതിനിടയില്ല.

3. കേരളാകോൺഗ്രസ്സുകാർ- കോൺഗ്രസ്സിൽ കടന്നുവരുന്നതുമൂലം, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ അനുകൂ

ഷിച്ചിരുന്ന പലശക്തികളും കോൺഗ്രസ്സിനെ ശക്തിയായി എതിർക്കുന്നതിനിടയുണ്ട്. ഈ എതിർപ്പുണ്ടായാൽ കഴിഞ്ഞതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു ലഭിച്ച പല സീറ്റുകളും—ജില്ല തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എന്നിവിടങ്ങളിൽ ലഭിച്ച എല്ലാ സീറ്റുകളും നഷ്ടപ്പെടുന്നതാണ്. കേരളാകോൺഗ്രസ്സിന്റെ എല്ലാ സീറ്റുകളും ലഭിച്ചാലും, കഴിഞ്ഞതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു ലഭിച്ചതിലും വലിയനേട്ടം ഉണ്ടാവുന്നതല്ല. മലബാറിൽ കേരളാകോൺ: ഇല്ലാത്തതിനാൽ അവിടെ കോൺഗ്രസ്സിനു കൂടുതലായി ഒരു നേട്ടവും ഇതുമൂലം ലഭിക്കുന്നില്ല. കോൺഗ്രസ്സിനു ലഭിക്കുന്ന സീറ്റുകളിൽ അധികവും കേരളാകോൺഗ്രസ്സിന്റേതാകയാൽ പാർലമെന്ററി പാർട്ടിയുടെ നിയന്ത്രണവും നേതൃത്വവും ഇന്നത്തെ കേരളാകോൺഗ്രസ്സുകാർക്കാകുന്നതാണ്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനുലഭിച്ച മുപ്പത്തിയാറ് സീറ്റുകളിൽ വലതു് ഇടതു് കമ്മ്യൂണിസ്റ്റുകാർ യോജിച്ചാൽ ഞാറക്കൽ, മാവേലിക്കര, എറണാകുളം, പറവൂർ, നെടുമങ്ങാട് വിളപ്പിൽ, പാറശ്ശാല, കോന്നി, ആലുവാ, കോവളം, കൊടുങ്ങല്ലൂർ മഞ്ചേശ്വരം, ചാലക്കുടി, ഹരിപ്പാട് എന്നീ പതിന്നാലു സീറ്റുകളായി ചുരുങ്ങാവുന്നതാണ്. കേരളാകോൺഗ്രസ്സിന്റെ വോട്ടുകൾ കൂടി ലഭിച്ചാൽ, നഷ്ടപ്പെടുന്ന 22 സീറ്റുകളിൽ നിലനിർത്താൻ സാധിക്കുന്നതു് കഴക്കൂട്ടം, മാള, അമ്പലപ്പുഴ, നെയ്യാറ്റിൻകര, കുണ്ടറ, വൈക്കം, കൊല്ലം, ഇരിങ്ങാലക്കുട, പുനലൂർ എന്നീ ഒൻപതെണ്ണമാണ്. കേരളാകോൺഗ്രസ്സിനു ലഭിച്ച 23 സീറ്റുകളുമുണ്ട്. രണ്ടു പാർട്ടികളും മത്സരിച്ചു നഷ്ടപ്പെടുത്തിയതു് വെള്ളഞത്തി, കല്ലറ, കോട്ടയം, ദേവികുളം പത്തനാപുരം, പുതുപ്പള്ളി, കായംകുളം, തൃപ്പൂണിത്തുറ, പന്തളം, വടക്കേക്കര, പെരുമ്പാവൂർ ഉടുമ്പഞ്ചോല എന്നീ പന്ത്രണ്ടു സീറ്റുകളാണ്. ഇപ്രകാരമുള്ള എല്ലാ സീറ്റുകളും കൂട്ടിയാലും (14 + 9 + 23 + 12 = 58.)

ലഭിക്കുന്നതു് അൻപത്തെട്ടാണു്. ഇവയിൽതന്നെ കേരളാ കോ
ൺഗ്രസ്സ് കോൺഗ്രസ്സിൽ കടന്നു വരുന്നതിൻെറ ഫലമായി, നെ
ടുമങ്ങാടു്, മാവേലിക്കര, വിളപ്പിൽ, കോന്നി, ഹരിപ്പാട്ടു്, കഴ
ക്കൂട്ടം, അമ്പലപ്പുഴ, നെയ്യാററിൻകര, കുണ്ടറ, വൈക്കം, കൊ
ല്ലം, പുനലൂർ, പള്ളരുത്തി, ദേവികുളം കായംകുളം, പന്തളം, തൃ
പ്പൂണിത്തുറ, വടക്കേക്കര, ഇരിങ്ങാലക്കുട, മാള, ചാത്തന്നൂർ, ചേ
ർത്തല, അടൂർ, പെരുമ്പാവൂർ, ഉടുമ്പുംഞ്ചോല, എന്നീ ഇരുപത്തി
അഞ്ചു സീററുകൾവരെ നഷ്ടപ്പെടാവുന്നതാണു്. അങ്ങിനെ വ
ന്നാൽ ബാക്കി അവശേഷിക്കുന്നതു് 33 സീററുകളാണു്. ഇതിൽ
തന്നെ 20 എണ്ണം കേരളാകോൺഗ്രസ്സുകാരുടേതായിരിക്കും. ഭൂരി
പക്ഷം ഉണ്ടാവുന്നില്ലെന്നുതന്നെയല്ല നേതൃത്വവും, നിയന്ത്രണവും
കേരളാകോൺഗ്രസ്സിൽനിന്നു വന്നവർക്കാകുന്നതാണു്.

4 കേരളാകോൺഗ്രസ്സുകാർ, കോൺഗ്രസ്സിൽ കടന്നുവരു
ന്നതിൻെറ ഫലമായി കോൺഗ്രസ്സിൽനിന്നും, കേരളാ കോൺഗ്ര
സ്സിൽനിന്നും പുറത്തുപോകുന്നവക്കു്, കോൺഗ്രസ്സ് വിരുദ്ധ ഐ
ക്യത്തെ അനുകൂലിക്കയല്ലാതെ മററു നിവൃത്തിയില്ലാതായിത്തീരു
ന്നു. ഇതു് ഇടതുപക്ഷ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള
ഒരു ഭരണത്തിനു് കാരണമാകുന്നു.

5. കേരളാ കോൺ: കാരുടെ കടന്നുവരവു് കോൺ: ൻെറ
പുരോഗമന സ്വഭാവം കുറക്കുന്നതിനാൽ കോ: ലേക്കെത്തുകൊ
ണ്ടിരിക്കുന്ന ബുദ്ധിജീവികളും, തൊഴിലാളികളും, യുവജനങ്ങളും,
അവശേഷിക്കുന്ന കക്ഷിയായ കമ്മ്യൂണിസ്റ്റു കക്ഷിയോടടുക്കുന്ന
തും, ഈ ശക്തികളെ പ്രയോജനപ്പെടുത്തി കമ്മ്യൂണിസ്റ്റു കക്ഷി
അജയ്യമായ ഒരു ശക്തിയായിത്തീരുവാൻ ഇടയുള്ളതുമാണു്.

6. കേരളാ കോൺ: കാർ വർഗ്ഗീയ സ്ഥാപിത താല്പര്യക്കാ
രും, മന്നത്തിൻെറയും പൌരോഹിത്യ മേധാവികളുടെയും താൽ
പ്പര്യ സംരക്ഷണാർത്ഥം അവരുടെ വിളിശ്രവിച്ചു് കോൺ: ൽ

നിന്നും പുറത്തുപോയവരുമാണു്. കോൺ: ലേക്കുള്ള അവരുടെ തിരിച്ചുവരവും ഈ മേധാവികളുടെ ആവശ്യ പ്രകാരമാണു്.–

ഈ പുനരാഗമനം കോൺ:ൽ മന്നത്തിൻെറയും പൌരോഹിത്യമേധാവികളുടെയും സ്വാധീനം വദ്ധിപ്പിക്കുമെന്നു മാത്രമല്ല, അവർ ആവശ്യപ്പെട്ടാൽ ഇനിയും ഇവർ കോൺ: ൽ നിന്നു പുറത്തുപോകുന്നതും ആണു്.

7. പ്രതിപക്ഷത്തിരിക്കുന്ന ഒരു കക്ഷിയുടെ പാർലിമെൻററിപ്പാർട്ടിക്കാണു് സംഘടനാവിഭാഗത്തേക്കാളും ജനങ്ങളെ സ്വാധീനിക്കുവാൻ സാധിക്കുന്നതു്. കേരളാ കോൺ: ലയിച്ച കോൺ: പാർട്ടി പ്രതിപക്ഷത്തായിരിക്കുന്നതുകൊണ്ടും നേതാവും നിയന്ത്രണവും കേരളാ കോൺ: ൽ നിന്നു കടന്നുവന്നവർക്കാകയാലും ക്രമേണ കോൺ:ൻെറ സംഘടനാവിഭാഗവും, അസംബ്ളികക്ഷിയുടെ നിയന്ത്രണത്തിൽ വരുന്നതാണു് ഇതോടുകൂടി കേരളത്തിലെ കോൺ: സംഘടന ഇന്നത്തെ കേരളാകോൺ:യിരൂപാന്തരപ്പെടുന്നതാണു്.

8 കേരളാകോൺ:സ്സു് നേതാക്കൾ കോൺ: വിരോധം വളരെ ജനങ്ങളിൽ കുത്തിവെച്ചിരിക്കുന്നതിനാൽ ആ ജനങ്ങളെ– കോൺ: നേതാക്കൾ കോൺ ലേക്കു് ആകർഷിക്കുന്നതു പോലെ കേരളാകോൺസ്സിലേക്കു് ആകർഷിക്കുന്നതിനു കേരളാകോൺകാർക്കു് കഴിയുകയില്ല. ഹിന്ദുമണ്ഡലത്തിൻെറയും ഡെമോക്രാററിക് കോൺ: ൻെറയും നേതാക്കൾക്കുണ്ടായ അനുഭവം പോലെ–യോജിപ്പിനുശേഷം നേതാവുമാത്രം കോൺ: ൽ കടന്നു വരുന്നതിനിടയുണ്ടു്.

9 കോൺ: ൽ കേരളാകോൺ:കാർ കടന്നു വന്നതിനുശേഷവും കമ്മ്യൂണിസ്റ്റുഭരണമുണ്ടായാൽ പിന്നീടൊരിക്കലും കമ്മ്യൂണിസ്റ്റുഭരണം ഒഴിവാക്കാൻ സാദ്ധ്യമാകുന്നതല്ല.

10 കേരളാകോൺ: കാരെ കോൺ: ൽ പ്രവേശിപ്പിക്കുന്നതിനെ പ്രതിഷേധിച്ചു് കോൺ: ൽനിന്നു് ഒരു പുരോഗമന വിഭാഗം പോകാവുന്നതാണു്.

ഈ പുതിയ 'റിബൽ' വിഭാഗം വലതു കമ്മ്യൂണിസ്റ്റു പാർട്ടിയുമായി ഒരു തെരഞ്ഞെടുപ്പു ധാരണയുണ്ടാക്കി മത്സരിക്കുന്നു എങ്കിൽ അവർക്കു ഇന്നത്തെ കേരളാ കോൺ: നേക്കാൾ വലിയ ഒരു ശക്തിയായി നിയമസഭയിൽ പ്രവേശിക്കാൻ കഴിഞ്ഞേക്കാം. വലതു കമ്മ്യൂണിസ്റ്റുകൾ ഐക്യമുന്നണിയിൽ ചെന്നാൽ കോൺ: നഷ്ടപ്പെടാവുന്നതായി ചൂണ്ടിക്കാണിച്ച 22 സീറ്റുകളും പുതിയ 'റിബൽ' വിഭാഗം പിടിച്ചെടുക്കുവാൻ ഇടയുണ്ട്.

കൂടാതെ വലതു കമ്മ്യൂണിസ്റ്റുകൾക്കു 11 സീറ്റുകൾ ഇതു മൂലം ലഭിക്കാമെന്നും കഴിഞ്ഞ തെരഞ്ഞെടുപ്പു കണക്കുകൾ കാണിക്കുന്നുണ്ട്. ഇപ്രകാരം സംഭവിച്ചാൽ കോൺ: ന്റെ പല സുരക്ഷിത സ്ഥാനങ്ങളും ഇളകിപ്പോകാവുന്നതാണ്.

11 ഭാരതത്തിലെ ബഹുഭൂരിപക്ഷം ആളുകളും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്. അവരുടെ സാമ്പത്തിക ഭദ്രതക്കു വേണ്ടിയാണ് കോൺ: സോഷ്യലിസം അംഗീകരിച്ചതു്. സോഷ്യലിസം അംഗീകരിച്ചതോടുകൂടി കോൺ: ലുണ്ടായിരുന്ന സാമ്പത്തിക കുത്തകക്കാരുടെ ആളുകൾ കോൺ: ൽ നിന്നു പുറത്തു പോവുകയും സ്വതന്ത്രാപാർട്ടിക്കു രൂപം നൽകുകയും ഉണ്ടായി. ഇതോടുകൂടി സാമ്പത്തിക ബുദ്ധിമുട്ടുള്ളയാളുകൾ കോൺ: നെ കേന്ദ്രീകരിച്ചും, സാമ്പത്തിക കുത്തകക്കാർ സ്വതന്ത്ര, ജനസംഘം ഈ പാർട്ടികളെ കേന്ദ്രീകരിച്ചും നീക്കങ്ങൾ ആരംഭിച്ചു. ഇപ്രകാരം രണ്ടു സാമ്പത്തികധ്രുവികളുണ്ടായതോടുകൂടി കമ്മ്യൂണിസ്റ്റു കക്ഷിയുടെ വശ്യം ഈ രാജ്യത്തു കുറയുകയും ആ പാർട്ടിയോടടുത്തുകൊണ്ടിരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള ആളുകൾ കോൺ: നെ തങ്ങളുടെ പാർട്ടിയായി കരുതുകയും കോൺ: ലേക്കു കടന്നുവരികയും ഉണ്ടായി. ഈ പരിവർത്തനം ആരംഭിച്ചതിനാൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ശക്തി ഇന്നു ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽനിന്നു മനസ്സിലാക്കാവുന്നതു ഭാരതം സാമ്പത്തിക താൽപര്യങ്ങളെ പ്രതിനിധീകരി

ക്കുന്ന രണ്ടു രാഷ്ട്രീയ പാർട്ടികൾക്കു മാത്രമേ ഈ രാജ്യത്തെ ജനജീവിതത്തിൽ സ്വാധീനം ചെലുത്തി വളരുവാൻ സാധ്യമാവുകയുള്ളവെന്നാണു്. ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വളർച്ചക്കും, ജനാധിപത്യം ഒരു ജീവിതരീതിയായിത്തീരുന്നതിനും രണ്ടു രാഷ്ട്രീയപ്പാർട്ടികൾ സുശക്തമായിത്തീരേണ്ടതാവശ്യമാണു്. കോൺ:സ്സ് ഇന്നു് വലതുപക്ഷ ചിന്താഗതികളുമായി ബന്ധപ്പെട്ടാൽ കോൺ:നോടുള്ള പാവപ്പെട്ടവരുടെ വിശ്വാസം നശിപ്പിക്കുവാനും അവർ കമ്മ്യൂണിസ്റ്റു് പാർട്ടിയിലേക്കു് തിരിക്കപ്പെടുവാനും ഇടയുണ്ടു്. കോൺ:സ്സ് സോഷ്യലിസം പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ടു് സാമ്പത്തിക കുത്തകക്കാർ കോൺ:നെ അവിശ്വസിക്കുന്നതിനാൽ അവരും കോൺ:ൽ കടന്നുവരികയില്ല. ഇതുമൂലം കോൺ:സ്സ് ശക്തിഹീനമാകുന്നതും കമ്മ്യൂണിസ്റ്റു കക്ഷി ഭൂരിപക്ഷം വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ളവരുടെ പാർട്ടിയായിത്തീരുന്നതുമാണു്. ഇതു് ഈ രാജ്യത്തെ കമ്മ്യൂണിസത്തിലേക്കു് നയിക്കുന്നതിനിടയാക്കും.

കേരളത്തിൽ ഒരു വലതുപക്ഷ കക്ഷി ശക്തിപ്രാപിക്കാത്തതിനാൽ കോൺ:ൽ ഈ ചിന്താഗതിക്കാർ തങ്ങിനിന്നിരുന്നു. ഇക്കാരണത്താൽ തന്നെ കഴിഞ്ഞ തെരഞ്ഞെടുപ്പുവരെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവർ കമ്മ്യൂണിസ്റ്റു കക്ഷിയോടു ബന്ധപ്പെട്ടാണു് കഴിഞ്ഞിരുന്നതു്. കഴിഞ്ഞ തെരഞ്ഞെടുപ്പിനു മുമ്പു് ചിലർ കോൺ:ൽനിന്നു പുറത്തുപോയി കേരളാകോൺ:നു രൂപംകൊടുത്തു. ഈ സംഘടനയിലേക്കു് വലതുപക്ഷ ചിന്താഗതിക്കാർ അടുക്കുവാൻ ആരംഭിച്ചതോടുകൂടി കോൺ:ൽ അവർക്കുണ്ടായിരുന്ന സ്വാധീനം കുറഞ്ഞു. ഇതോടുകൂടി സാമ്പത്തിക ബുദ്ധിമുട്ടുള്ള ആളുകൾ കമ്മ്യൂണിസ്റ്റു് പാർട്ടിയിൽനിന്നും കൂട്ടമായി കോൺ:ലേക്കു് വരികയുണ്ടായി. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ കണക്കുകൾ പരിശോധിച്ചാൽ ഈ വസ്തുത മനസ്സിലാക്കാവുന്നതാണു്. കേരളാകോൺ:നു് ലഭിച്ച വോട്ടുകളത്രയും കോൺ:

ൺഗ്രസ്സിൽ നിന്നനഷ്ടപ്പെട്ടതാണെങ്കിലും മുൻതെരഞ്ഞെടുപ്പുകളെ അപേക്ഷിച്ചു കോൺഗ്രസ്സിന്റെ വോട്ടിന്റെ ശതമാനം കുറഞ്ഞിട്ടില്ല. നേരെമറിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും ഒരു വലിയവിഭാഗം കോൺ: കടന്നുവന്നതിന്റെഫലമായി മുൻതെരഞ്ഞെടുപ്പുകളെ അപേക്ഷിച്ചു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വോട്ടിന്റെ ശതമാനം ഏതാണ്ട് പകുതിയായി കുറഞ്ഞിട്ടുണ്ട്. ഒരു വലതുപക്ഷപാർട്ടിയുണ്ടായതിന്റെ ഫലമായി കോൺ: പുരോഗമനസ്വഭാവം വർദ്ധിക്കുന്നതായും കമ്മ്യൂണിസ്റ്റ് പാർട്ടി ക്ഷയിക്കുന്നതായുംകാണാൻ കഴിയുന്നു. വലതുപക്ഷപാർട്ടികൾ ശക്തിപ്പെട്ടിട്ടുള്ള ഇതരസ്റ്റേറ്റുകളിലേയും നില ഇതുതന്നെയാണ്. "ദ്രാവിഡമുന്നേറ്റകഴകവും" സ്വതന്ത്രാപാർട്ടിയുംജനസംഘവും ശക്തിപ്രാപിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ കോൺ: ഇടതുപക്ഷപാർട്ടിയായി രൂപാന്തരപ്പെടുന്നതും കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തിഹീനമാകുന്നതും കാണുവാൻ കഴിയും. കേരളത്തിന്റെ ജനാധിപത്യസംരക്ഷണത്തിനും കമ്മ്യൂണിസ്റ്റ് ഭീഷണിഒഴിവാക്കുന്നതിനും, കോൺ: ഒരു ഇടതുപക്ഷ പാർട്ടിയായി രൂപാന്തരപ്പെടേണ്ടതും ഏതെങ്കിലും ഒരു വലതുപക്ഷകക്ഷി ശക്തിപ്പെടേണ്ടതും ആവശ്യമാണ്.

12. കേരളാ കോൺ: ഈഴവ ഹരിജനവിഭാഗങ്ങളെ എതിർത്തുംകൊണ്ടാണ് നായർ ക്രിസ്ത്യൻ മതവികാരങ്ങളെ തങ്ങൾക്കനുകൂലമാക്കിയത്. ഇതിന്റെ ഒരു തിരിച്ചടികൂടിയായിരുന്നു കോൺ: തീരപ്രദേശങ്ങളിൽ ലഭിച്ച വിജയങ്ങൾ. ഈ സ്ഥലങ്ങളിൽ കോ: മുൻപ് വിജയിച്ചിരുന്നതല്ല. കേരളാ കോ:സ്സുകാർ കോ: കടന്നുവന്നാൽ ഈഴവ–ഹരിജന വികാരങ്ങൾവ്രണപ്പെടുകയും അവർ ഇന്നുകോ:സ്സിനോടുകാണിക്കുന്ന ആഭിമുഖ്യത്തിന് ഭംഗം നേരിടുന്നതിനും ഇടയുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് കേരളാകോ: ലയനത്തെ സ്വാഗതം ചെയ്തതിന്റെ അടുത്ത

ദിവസങ്ങളിലെ "കേരളകൗമുദി"യുടെ പ്രതികരണങ്ങളിൽനിന്നും ഈ വസ്തുത വ്യക്തമാകുന്നുണ്ട്. കോൺ:ന്റെ സോഷ്യലിസ്റ്റു വിത്തുകൾ വിതക്കുന്നതിനു ലഭിക്കാവുന്നതിൽ ഏററവും വളക്കൂററുള്ളമണ്ണാണ് ഈഴവഹരിജനവിഭാഗങ്ങൾ. വർഗ്ഗീയതയും മററു സ്ഥാപിത താൽപ്പര്യങ്ങളും ഏററവും കുറവുള്ളവരും ഭൂരിപക്ഷവും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരുമാണ് ഇവർ. പുരോഗമന വിപ്ളവസ്വഭാവം ഉൾക്കൊള്ളുന്നതിനാലും, ജനസംഖ്യയിൽ മുൻപന്തിയിൽ നിൽക്കുന്നതിനാലും ഈ വിഭാഗങ്ങളുടെ പിൻതുണ ഏതൊരു പുരോഗമനരാഷ്ട്രീയപാർട്ടിക്കും ഭൂഷണമാണ്. ഇന്നു് കോൺ:ലേക്കു് തള്ളിക്കയറിവരുന്ന ഈ വിഭാഗങ്ങളെ അകററുകയാണെങ്കിൽ കോൺ:നു ചെയ്യാവുന്നതിൽവെച്ചേററവും വലിയ വിഡ്ഢിത്തമായിരിക്കും അതു്.

കേരളാകോൺ:കാർ കോൺ:ൽ വരുന്നതിന്റെ ഫലമായി കോൺ:നു ഭൂരിപക്ഷം നേടി ഭരണം ഉണ്ടാക്കുവാൻ സാധിക്കുന്നില്ലെന്നു തന്നെയല്ല, കോൺ: ശക്തിഹീനമാവുകയും കമ്മ്യൂണിസ്റ്റു് ഭരണത്തെ ഉണ്ടാക്കുകയും ചെയ്യുന്നു. കോൺ:ന്റെയും ഈ രാജ്യത്തിന്റെയും ഭാവി ഇതുമൂലം ഇരുളടഞ്ഞതായിത്തീരുന്നു.

കോൺ:ന്റെ അവശേഷിക്കുന്ന ഏകമാർഗ്ഗം ആരുമായും ബന്ധപ്പെടാതെ ആദർശ തത്വങ്ങളിൽ ഉറച്ചു നിന്നുകൊണ്ടു് ഒററക്കു് ഭൂരിപക്ഷം നേടുകയെന്നതാണ്. ശാശ്വതമായി കോൺ:നു് സ്വീകരിക്കാവുന്നതും ഈ മാർഗ്ഗമാണ്.

ഒററക്കു ഭൂരിപക്ഷം നേടി ഉറപ്പുള്ള ഒരു ഭരണം സ്ഥാപിക്കുന്നതിനു് കോൺ: താഴെപറയുന്ന പരിപാടികൾ സ്വീകരിക്കേണ്ടതാകുന്നു.

1. കോൺ: പ്രവർത്തകരിൽ ഉണ്ടായിട്ടുള്ള ചിന്താക്കുഴപ്പം മാററി അവർക്കു് ധൈര്യവും, ആവേശവും നൽകുന്നതിനും വർഗ്ഗീയശക്തികളുമായി ഒത്തുതീർപ്പുണ്ടാക്കുകയില്ലന്നു് ജന

ങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും, കേരളാ കോൺ: കാരെ കോൺ:ൽ കടത്തികൊണ്ടു വരികയില്ലെന്നും, കോൺ: ഒററക്കു് നിൽക്കുമെന്നും ഉറപ്പായി പ്രഖ്യാപിക്കുക.

2. ഈ രാജ്യത്തെ വർഗ്ഗീയ നേതാക്കളുടെ ലക്ഷ്യങ്ങളുംവഞ്ചനകളും അവരുടെ താൽപ്പര്യങ്ങളും സ്ഥാപനങ്ങളും ഈ രാജ്യത്തെ രാഷ്ട്രീയഭദ്രത തകർത്ത വിധവും, കഴിഞ്ഞകാലസംഭവങ്ങളും വിശദീകരിച്ചു്, ജനങ്ങളെ വ്യക്തമായി ബോദ്ധ്യപ്പെടുത്തുക. മന്നത്തുപത്മനാഭൻ അടക്കമുള്ള വർഗ്ഗീയനേതാക്കളെ ഒരു കുററവാളിയെ പ്രതിക്കൂട്ടിൽ നിറുത്തിവിസ്തരിക്കുന്നതു് പോലെ, അവർക്കെതിരായി പ്രചരണം സംഘടിപ്പിക്കുക. സമൂഹത്തിൽ ഇന്നവർക്കുള്ള മാന്യതയെ തകർത്തുകളയുവാനും അവരെയും, അവരുടെ സ്ഥാപനങ്ങളേയും ഫലപ്രദമായി എതിർക്കുന്നതിനും, കോൺഗ്രസ്സിനെ ശക്തമാക്കുവാനും കോൺ: നോടു സഹകരിക്കുവാനും ജനങ്ങളെ പ്രേരിപ്പിക്കുക.

3. ജനങ്ങളെ സാമ്പത്തികാടിസ്ഥാനത്തിൽ തരം തിരിച്ചു കണ്ടുകൊണ്ടു് സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്കുവേണ്ടി വാദിക്കുക. കോൺ: ആണു് തങ്ങളുടെ യഥാർത്ഥ ബന്ധുവെന്നു് സാമ്പത്തികബുദ്ധിമുട്ടുള്ളവർ വിശ്വസിക്കത്തക്ക രീതിയിൽ അവർക്കാവശ്യമുള്ള കാര്യങ്ങൾക്കുവേണ്ടി പ്രചരണം നടത്തുകയും പ്രവർത്തിക്കുകയും ചെയ്യണം.

4. ഉടൻതന്നെ സ്ഥാനാർത്ഥികളെ നിശ്ചയിക്കുക ആ വിവരം രഹസ്യമായി നിശ്ചയിക്കപ്പെടുന്നവരെ അറിയിക്കുക. നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുമുമ്പായി നിയുക്ത സ്ഥാനാർത്ഥികൾ ചെയ്തുതീർക്കേണ്ട സംഘടനാപ്രവർത്തനങ്ങളുടെ ഒരു പരിപാടി ഉണ്ടാക്കണം. ഈ പരിപാടികൾ നടപ്പിലാക്കുന്ന കാര്യത്തിൽ തെരഞ്ഞെടുപ്പു കമ്മററികൾ ശ്രദ്ധിക്കണം. ഇവ നടപ്പിലാക്കുന്നതോടുകൂടി നിയുക്ത സ്ഥാനാർത്ഥി നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിത്തീരേ

ണ്മതാണ്. ഇതിന്ന കഴിയാത്തവക്ക് യാതൊരു കാരണവശാലും സ്ഥാനാൎത്ഥിത്വം നൽകരുതു്.

5. സ്ഥാനാൎത്ഥികൾ യാതൊരു വർഗ്ഗീയതയും സ്വാധീനിക്കാത്തവരും ആരോപണ വിധേയരാവാത്തവരും ഉർജ്ജസ്വലരും ജനങ്ങളുടെ മതിപ്പാൎജ്ജിക്കുവാൻ കഴിയുന്ന പുരോഗമന വീക്ഷണമുള്ളവരും, കഴിയുന്നിടത്തോളം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ്ഥാനാൎത്ഥികളാവാത്തവരും ആയിരിക്കണം.

6. നിയോജകമണ്ഡലങ്ങൾ പഠനത്തിനുശേഷം മൂന്നായി തരം തിരിക്കണം. വിജയിക്കും എന്നുറപ്പുള്ളവ, വിജയിക്കും എന്ന് സംശയമുള്ളവ, പരാജയപ്പെടുന്നവ. വിജയിക്കും എന്നുറപ്പുള്ളമണ്ഡലങ്ങളിൽ ഭരണശേഷിയുണ്ടെന്നു കരുതുന്ന സത്യസന്ധരായ നേതാക്കളെ നിറുത്തേണ്ടതാണ്. വിജയിക്കും എന്നു സംശയമുള്ള മണ്ഡലങ്ങളിൽ പകുതിയും മേൽപ്പറഞ്ഞ പ്രകാരമുള്ള സ്ഥാനാൎത്ഥികളെ നിർത്താവുന്നതാണ്. പരാജയപ്പെടും എന്നുള്ള മണ്ഡലങ്ങളിലും സംശയിക്കപ്പെടുന്നവയിൽ പകുതിയിലും ഒരു രീക്ഷണമെന്നപോലെ 35 വയസ്സിൽ കുറഞ്ഞ ആദ്ശേഷിയുള്ള യുവാക്കളെ കോൺ: ൻെറ യുവജനവിഭാഗവുമായി ആലോചിച്ച് നിർത്തേണ്ടതാണ്.

7. കോൺ: ൽ പുതുമയുണ്ടായതായും പുരോഗമനത്തിൻെറ ശക്തമായ നേതൃത്വത്തെ കാണുകുന്നതിനായും വി. കെ. കൃഷ്ണമേനവനെ കേരളത്തിലേക്ക് ക്ഷണിക്കുകയും തിരുവനന്തപുരത്തുനിന്നും ലോകസഭയിലേക്കു മത്സരിപ്പിക്കുകയും ചെയ്യുക.

അഖിലേന്ത്യാ പ്രകടന പത്രികക്കനുകൂലമായ വിധത്തിലും, കഴിവതും വ്യക്തമായതും വർഗ്ഗീയസ്വാധീന വലയങ്ങൾ നശിപ്പിക്കുന്നതിന് ശക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതും ആയിരിക്കണം മാനിഫെസ്റ്റോ. ചെറുകിട കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും, പ്രത്യേകിച്ച് ഹരിജനവിഭാഗങ്ങൾക്കും വ്യക്തമായ ഒരു ചിത്രം നൽകത്തക്ക വിധത്തിലുള്ള

വാഗ്ദാനങ്ങൾ ഉണ്ടായിരിക്കണം. ഉദ്യോഗസ്ഥമേധാവിത്വവും ഗവർമ്മെൻറാഫീസുകളിലെ കാലതാമസം കൈക്കൂലി മുതലായ അഴിമതികളും അവസാനിപ്പിക്കുന്നതിന്ന് പററിയ നിർദ്ദേശങ്ങൾ മാനിഫേസ്റ്റോവിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ സംഗതികൾ പ്രചരണത്തിലൂടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

9 പ്രചരണത്തിനായി, സ്ഥാനാർത്ഥികളാവാത്തവരിൽ നിന്നു കഴിവുററവരെ ചേർത്തു ഒരു പ്രചരണക്കമ്മററി സംഘടിപ്പിക്കണം. മുൻപറഞ്ഞ പരിപാടികൾക്കനുയോജ്യമായും ഇനിപറയുന്ന പരിപാടികൾക്കനുസരിച്ചും ജനജീവിതത്തിൻെറ വിവിധവശങ്ങളെ മനസ്സിലാക്കി ജനതയുടെ ബുദ്ധിയേയും വികാരത്തേയും, സ്വാധീനിക്കത്തക്കവിധത്തിൽ പ്രചരണം സംഘടിപ്പിക്കണം. വിദേശരാജ്യങ്ങളിൽ പ്രചരണം നടത്തുന്ന രീതി പഠിക്കുകയും അവയിൽ ഇവിടെ പ്രയോജനപ്പെടുത്താവുന്നതു സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

10 സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിലായി മൂന്നും നാലും നിയോജകമണ്ഡലങ്ങളെ കണക്കിലെടുത്തുകൊണ്ട്, 15-ൽ കുറയാതെ സായാഹ്ന പത്രങ്ങൾ നടത്തുകയും പ്രചരണക്കമ്മററിയുടെ നിർദ്ദേശാനുസരണം വേണ്ട പ്രചരണം നടത്തുകയും ചെയ്യണം.

11. കെ. പി. സി. സി. നേതൃത്വം മുൻപറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വിട്ടു വീഴ്ചയില്ലാതെ ഉറച്ചു നിൽക്കേണ്ടതും ഉറപ്പുംകരുത്തും ഉള്ള ഒരു നേതൃത്വം എന്നു പ്രവർത്തകരേയും ജനങ്ങളേയും വിശ്വസിപ്പിക്കേണ്ടതുമാണ്.

12 കെ. പി. സി. സി. വിളിച്ചുകൂട്ടി പരിപാടികൾ അംഗങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതും അംഗീകരണം നേടേണ്ടതും ആണ്.

13. ഒരു വലിയ രാഷ്ട്രീയ സമ്മേളനം വിളിച്ചുകൂട്ടേണ്ടതാണ്. മുൻപറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്ന കാര്യത്തിൽ

സംഘടനയെ സജ്ജമാക്കി ശക്തിപ്പെടുത്തുകയും, വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കുന്നതിനു് പ്രവത്തകരെ ബോധവാന്മാരാക്കുകയും വേണം. അവക്കാവേശം പകന്നുകൊടുക്കുവാൻതക്ക വിധത്തിൽ ഈ സമ്മേളനം പ്രയോജനപ്പെടുത്തണം. സംഘടനയുടെ ശക്തിയുടെയും മാററത്തിൻെറയും ഒരു കോളിളക്കം ഈ സമ്മേളനംമൂലം ജനങ്ങളിലുണ്ടാകേണ്ടതാണു്.

## പ്രചരണം

കഴിഞ്ഞ 19 വർഷങ്ങളായി കോൺഗ്രസ്സിൻെറ തെരഞ്ഞെടുപ്പു പരിപാടികൾക്കു് മാററം ഒന്നും ഉണ്ടായിട്ടില്ല. സംഘടനയുടെ കാര്യത്തിലും നേതാക്കന്മാരുടെ കാര്യത്തിലും ഇതുതന്നെയാണു് സ്ഥിതി. എന്നാൽ ജനങ്ങളിൽ കഴിഞ്ഞ ഏഴുതെരഞ്ഞെടുപ്പുകൾ വലിയ മാററം ഉണ്ടാക്കിയിട്ടുണ്ടു്. അതുകൊണ്ടു് എല്ലാ രംഗങ്ങളിലും ഉണ്ടായിട്ടുള്ളതും ഉണ്ടാകേണ്ടതുമായ മാററങ്ങളെ കണക്കിലെടുത്തു ശാസ്ത്രീയമായി പ്രചരണം സംഘടിപ്പിക്കണം. പ്രത്യക്ഷമായും പരോക്ഷമായും പ്രചരണം നടത്തേണ്ടതാണു്. പ്രചരണം ആവത്തിച്ചുള്ളവയും മട്ടിലും രീതിയിലും പുതുമയുള്ളതും. ജനങ്ങളെ ആകഷിക്കുന്നതുമായിരിക്കണം. ബുദ്ധിപരമായും വികാരപരമായും പ്രചരണത്തെ തരം തിരിക്കുന്നതു് നല്ലതാണു്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺ: ബുദ്ധിപരമായി പ്രചരണം നടത്തുകയും മററപാർട്ടികൾ വികാരപരമായി പ്രചരണം നടത്തി ആവേശം വളത്തി ജനങ്ങളെ തങ്ങളിലേക്കടുപ്പിക്കുകയുംചെയ്തു. ഈ അനുഭവങ്ങൾ കണക്കിലെടുത്തു രണ്ടുമാർഗ്ഗങ്ങളിലും പ്രചരണം നടത്തണം.

## പ്രചരണമാർഗ്ഗങ്ങൾ

1. കഴിഞ്ഞ കാലതെരഞ്ഞെടുപ്പുകളിൽ ഒന്നിലും കോൺഗ്രസ്സിനൊററക്കു് ഭൂരിപക്ഷം ലഭിച്ചിച്ചിട്ടില്ലെന്നും ഒററക്കു് ഭരിക്കുവാനവസരം തന്നിട്ടില്ലെന്നും കഴിഞ്ഞ കാലചരിത്രം പറഞ്ഞു

ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക. 'ഒരു അവസരം തരിക, ഒന്നു പരീക്ഷിക്കുക' എന്ന അഭ്യർത്ഥനപോലെ "ഇത്തവണ കോൺഗ്രസ്സ്" എന്ന രണ്ടുവാക്കുകളിലേക്ക് പ്രചരണം കേന്ദ്രീകരിക്കുക. ഭിത്തി എഴുത്തിലും, നോട്ടീസുകളിലും പ്രസംഗത്തിലും സംസാരത്തിലും 'ഇത്തവണകോൺഗ്രസ്സ്' എന്നാവർത്തിച്ച് ഉപയോഗിക്കുകയും പ്രചരണത്തിൻെറ എല്ലാമാർഗ്ഗവും ഉപയോഗിച്ചു ഈ വാക്കുകൾ മനുഷ്യമനസ്സിലേക്കു് അടിച്ചുകയററുകയും വേണം.

2. സ്ഥാനാർത്ഥികളുടെ വ്യക്തിജീവിതത്തിൽ ജനങ്ങളെ ആകർഷിക്കുന്ന ഒരുസ്വഭാവവിശേഷം—അല്ലെങ്കിൽരാഷ്ട്രീയത്തിലെ ഒരു സംഭവം—ഇവ അതതു് നിയോജകമണ്ഡലത്തിൽ ഒരു സംസാരവിഷയമാക്കുക. ജനങ്ങളെ ആ സ്വഭാവവിശേഷത്തിലേക്കാകർഷിക്കുക ഇതു മൂലം സ്ഥാനാർത്ഥിയെപ്പററി ജനങ്ങളിൽ ബഹുമാനമുണ്ടാക്കുകയും വികാരപരമായ ഒരടുപ്പം സ്ഥാനാർത്ഥിയും ജനങ്ങളും തമ്മിൽ ഉണ്ടാകുകയും ചെയ്യും.

3. ആരാണു് ഭരണനേതാവെന്നു് മുൻകൂട്ടി പറയുകയും പ്രസ്തുത വ്യക്തിയുടെ നേതൃത്വത്തിൽ ഉറച്ചഭരണം സ്ഥാപിക്കുമെന്നു് ഉറപ്പായി പ്രഖ്യാപിക്കുകയും ചെയ്യുക. ഇതുമൂലം നേതൃത്വം വളർത്തുന്നതിനും, നേതാവിൻെറ സ്വഭാവവിശേഷങ്ങളിൽ ജനങ്ങളെ ആകൃഷ്ടരാക്കുന്നതിനും ഭരണം ഉണ്ടാകും എന്നു് ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനും, കഴിയുന്നതാണു്.

4. കോൺഗ്രസ്സ് സംഘടനയിലും, പ്രവർത്തനത്തിലും ആകെ മാററം ഉണ്ടായിരിക്കുന്നുഎന്നും. ഒരു പുതിയസെററ് രംഗപ്രവേശം ചെയ്തിരിക്കുന്നു എന്നും, പ്രചരണത്തിലെ എല്ലാ പുതുമയേടുംകൂടി ഒരു നാടകീയതയുടെ പ്രയോജനമെടുത്തുകൊണ്ടു് പ്രചരിപ്പിക്കുക. തന്മൂലം കഴിഞ്ഞകാല സംഭവങ്ങൾ ജനങ്ങൾ വിസ്മരിക്കുകയും മററ രാഷ്ട്രീയ പാർട്ടികൾക്കു് പഴയ ആരോപണങ്ങൾ എടുത്തു പ്രയോഗിക്കുന്നതിനു് സാധ്യമല്ലാതെ വരുന്നതുമാണു്.

5. പ്രചരണം രചനാത്മകമായിരിക്കണം. നിഷേധാത്മകമായിരിക്കരുത്. രാഷ്ട്രീയ പാർട്ടികൾ നിഷേധാത്മക പ്രചരണം നടത്തികൊണ്ടിരുന്നതിന്റെ ഫലമായി തെരഞ്ഞെടുപ്പ് ഒരു നിഷേധാത്മക പരിപാടിയായിത്തീർന്നിട്ടുണ്ട്. ജനങ്ങൾ ആരെയും വിജയിപ്പിക്കുന്നതിന് ഇപ്പോൾ വോട്ടുചെയ്യാറില്ല. ആരെയെങ്കിലും പരാജയപ്പെടുത്തുവാനാണ് വോട്ടുചെയ്യുന്നത്. ഈ രീതിമാററി ഒരു ഭരണം സ്ഥാപിക്കുകയെന്നതിലേക്ക് ജനശ്രദ്ധയെ ബോധപൂർവ്വം തിരിക്കണം. മററു രാഷ്ട്രീയ പാർട്ടികളെ കഴിവതും ആക്രമിക്കാതിരിക്കുക.

6. പ്രകടനപത്രിക ഒരു രേഖ എന്ന രീതിയിൽ പ്രസിദ്ധീകരിക്കയല്ലാതെ അതിലെ ഉള്ളടക്കത്തെപ്പററി പ്രചരണം നടത്താറില്ല. പ്രകടനപത്രികയിലെ വ്യക്തമായ സംഗതികളിലേക്ക് ജനശ്രദ്ധയെ പിടിച്ചുകൊണ്ടു പോകത്തക്കരീതിയിൽ ഗൌരവബുദ്ധിയോടുകൂടി പ്രചരണം നടത്തുക. മററു രാഷ്ട്രീയ പാർട്ടികളെ വിമർശിക്കുന്നതിനുപകരം പ്രകടനപത്രികയെപ്പററി പ്രസംഗിക്കണം. മററു രാഷ്ട്രീയ പാർട്ടികൾ ഇവക്ക് മറുപടി പറയേണ്ടുന്ന സ്ഥിതിവിശേഷമുണ്ടാക്കുക. തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് എപ്പോഴും പ്രതിരോധത്തിലാവുകയാണ് പതിവ്. ഈ പതിവുമാററി ഇതരപാർട്ടികളെ പ്രതിരോധത്തിലാക്കുക.

7. സ്ത്രീകളുടെ വോട്ടേഴ്സ് ലിഗുകൾ സംഘടിപ്പിക്കണം, അവരുടെ സാമൂഹികതുല്യതക്കുവേണ്ടി വാദിക്കുകയും, ഒരു സ്ത്രീ പ്രധാനമന്ത്രിയായിരിക്കുന്നതിൽ അവരെ അഭിമാനം കൊള്ളിക്കുകയും ചെയ്യുക. സ്ത്രീകളുടെ പൊതുവായ പ്രശ്നങ്ങളുന്നയിച്ച് അവരെ അതിലൊന്നിപ്പിക്കണം. മററു രാഷ്ട്രീയ പാർട്ടികൾക്ക് ഇതസാദ്ധ്യമാണ്. കോൺഗ്രസ്സിനുമാത്രമേ വനിതാരംഗവും, വനിതാപ്രവത്തകരുമുള്ളു· അതു ശരിക്കും പ്രയോജനപ്പെടുത്തുക.

പ്രചരണം കാലാകാലങ്ങളിൽ താത്വികവും ശാസ്ത്രീയവും പ്രായോഗികവുമായ അടിസ്ഥാനങ്ങളിൽ പരിശോധിക്കുകയും

വരുത്തേണ്ടുന്ന മാററങ്ങൾ അപ്പോഴപ്പോൾ പ്രവർത്തകക്കമ്മിററികൾ നിർദ്ദേശിക്കുകയും ചെയ്യണം.

സ്ഥാനാർത്ഥിനിർണ്ണയത്തിലും പ്രചരണരീതികളിലും കോൺ: സ്വീകരിക്കുന്ന പുതിയ പരിപാടികളുടെ ഫലമായി കോൺ:നെ ശക്തിപ്പെടുത്തുന്നതും ഭൂരിപക്ഷം നേടി ഉറപ്പുള്ള ഒരു ഭരണമുണ്ടാക്കുന്നതും എപ്രകാരമാണെന്ന് പരിശോധിക്കാവുന്നതാണ്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺ:ന് 36 സീററുകളായി കുറഞ്ഞതോടുകൂടി ശക്തി ക്ഷയിച്ചതായി ജനങ്ങളും കോൺഗ്രസ്സ് പ്രവർത്തകരും നേതാക്കന്മാരും വിശ്വസിക്കുന്നുണ്ട്. എന്നാൽ അത് ശരിയല്ല കോൺഗ്രസ്സിന് കഴിഞ്ഞകാല തെരഞ്ഞെടുപ്പുകളിലൊന്നും ശക്തിക്ഷയം ഉണ്ടായിട്ടില്ലെന്ന് വോട്ടുകളുടെ സംഖ്യ പരിശോധിച്ചാൽ കാണാവുന്നതാണ്. 1952ൽ 44/108 സീററ്, 35 ശതമാനം വോട്ട്; 1954ൽ 45/117 സീററ, 46 ശതമാനം വോട്ടും, 1957ൽ 43/126 സീററ, 38 ശതമാനം വോട്ടും, 1960ൽ 63/126 സീററ, 34.4 ശതമാനം വോട്ടും 1962ൽ 6/18 സീററ 34 ശതമാനം വോട്ട്, 1965ൽ 36/133 സീററ, 33.5ശതമാനം വോട്ടും ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു തെരഞ്ഞെടുപ്പുകളിൽ ഒരു ശതമാനം വോട്ടിൻെറ പോലും വ്യത്യാസമില്ലെന്നു കാണാവുന്നതാണ് കോൺ: വിരുദ്ധ കക്ഷികളുടെ മത്സരരീതികൊണ്ട് സീററുകളുടെ എണ്ണം കുറയുക മാത്രമെ ഉണ്ടായിട്ടുള്ളു. കോൺഗ്രസ്സിൻെറ വോട്ടിൻെറ ശതമാനം ഏറെക്കുറെ സ്ഥിരമാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. കോൺ: ക്ഷീണിച്ചിരിക്കുന്നു എന്ന വാദത്തിനർത്ഥമില്ലെന്നും കാണാവുന്നതാണ്.

ഇതിനെല്ലാമുപരി കോൺ: നേതാക്കൾപോലും കമ്മ്യൂ: ശക്തി വർദ്ധനവിനെക്കുറിച്ച് ഞെട്ടലോടുകൂടി സ്മരിക്കാറുണ്ട്. അത് തെററിദ്ധാരണയുടെ ഫലമാണെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. 1952ൽ 28/108 സീററ 14ശതമാനം വോട്ടും 1954ൽ 23/117 സീററ, 16 ശതമാനം വോ

ട്ടും; 1957ൽ60/129 സീററും; 35 ശതമാനം വോട്ടും 1960ൽ 29/126 സീററും, 45 ശതമാനം വോട്ടും 1962ൽ 9/18 സീററും 50ശതമാനം വോട്ടും 1965ൽ ഇടതും-വലതും. ആർ.എസ്സ്. പി.ക്കുംകൂടി 44/133 സീററും, 27ശതമാനം വോട്ടുമാണ് കിട്ടിയതു്. 1952മുതൽ 1962വരെ വളർച്ചയും, 1965ൽ 1962ൽ ഉണ്ടായിരുന്നതിന്റെ പകുതിയായി പാർട്ടിയുടെ ശക്തിക്ഷയവും കണക്കുകളിൽനിന്നു കാണാവുന്നതാണു്. ഇപ്രകാരം പാർട്ടി ക്ഷയിച്ചുകൊണ്ടിരിക്കുമ്പോഴാണു് പലരും കമ്മ്യൂ: പാർട്ടിയിൽ ശക്തി ആരോപിക്കുന്നതു്.

കോൺ: ഇന്നു് ശക്തിഹീനമായിട്ടില്ലെന്നും സീററുകൾ അല്പം കുറഞ്ഞാലും പാർട്ടിയിൽ ജനവിശ്വാസം കുറയുകയോ പാർട്ടിഅണികളുടെ ശക്തി ക്ഷയിക്കുകയോ ചെയ്തിട്ടില്ലെന്നും മനസ്സിലാക്കാം. നേരെമറിച്ചു് കമ്മ്യൂ: കക്ഷിക്കു് അനുകൂലമായ എല്ലാ കൂട്ടുകെട്ടുണ്ടായിരുന്നിട്ടും, സീററുകളിൽ പറയത്തക്ക വർദ്ധനവുണ്ടായില്ലെന്നു മാത്രമല്ല; പാർട്ടിഅണികൾ ഇളകുകയും ജനവിശ്വാസം പകുതിയായി കുറയുകയും ചെയ്തിട്ടുണ്ടു്. കോൺ: ന്റെ പാർട്ടി അണികൾ സുരക്ഷിതമാകയാൽ സീററ വർദ്ധിപ്പിക്കുന്നതിനു ശ്രമിച്ചാൽ മതിയാകുന്നതാണു്.

ഇവിടെ നടന്ന തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയാടിസ്ഥാനത്തിൽ കോൺ: മത്സരിച്ചതും ഏററവും കൂടുതൽ എതിർപ്പു് നേരിടേണ്ടിവന്നതും സീററുകൾ ഏററവും കുറവുവന്നതും കഴിഞ്ഞ പ്രാവശ്യമാകയാൽ കഴിഞ്ഞ തെരഞ്ഞെടുപ്പു് ആധാരമായി എടുത്തുകൊണ്ടു് ചിന്തിക്കുന്നതുകൊണ്ടു് വലിയ പാകപ്പിഴ വരുവാൻ ഇടയില്ല ഭരണ ഭൂരിപക്ഷം നേടുന്നതിനു്, 67സീററുകൾ എങ്കിലും ലഭിക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ കണക്കുകൾ പരിശോധിക്കുകയും കോൺ: വിജയിച്ച 36സ്ഥാനങ്ങൾക്കു് പുറമെ 12 വോട്ടുകൾ മുതൽ 2468 വോട്ടുകൾവരെ മറിച്ചാൽ ജയിക്കാവുന്ന ആററിങ്ങൽ, ആറന്മുള, പള്ളുരുത്തി, നാട്ടിക, തിരുവല്ല, കോഴിക്കോടു് (1), കോതമംഗലം, കോട്ടയം, തിരുവനന്തപുരം

(1), ദേവികുളം, പുതുപ്പള്ളി, പത്തനാപുരം, കാസർകോഡ് കിളിമാനൂർ, കായംകുളം, കൊടകര, തൃപ്പൂണിത്തുറ, തിരൂരങ്ങാടി, വടക്കേക്കര, കുന്നംകുളം, മൂവാററുപുഴ, അരൂർ, പീരുമേട്. വടക്കാഞ്ചേരി, ഒല്ലൂർ, നേമം, പാലക്കാട്ട്, ചേർത്തല, വടകര, ഗുരുവായൂർ, കുന്നത്തൂർ, തിരൂർ, ചടയമംഗലം എന്നീ 33 സീററുകൾകൂടിയുണ്ടെന്നു കാണാവുന്നതാണ്. ഈ സീററുകളിലാകെ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺ: നേടിയെടുത്ത 21, 25, 336 വോട്ടുകൾക്കു പുറമെ 39732, വോട്ടുകൾകൂടി നേടുവാൻ കഴിഞ്ഞാൽ കോൺ: 69 സ്ഥാനങ്ങളിൽ വിജയിക്കുന്നതും സുസ്ഥിരമായ ഒരു ഭരണം സ്ഥാപിക്കാവുന്നതുമാണ് ഈ 39732 വോട്ടുകൾ കോൺ: ൻേറതുപോലുള്ള ഒരു രാഷ്ട്രീയകക്ഷിക്ക് എത്ര നിസ്സാരമായി നേടിയെടുക്കാവുന്നതാണ്?

ഈ കണക്കുകൾക്ക് എതിരായി വരാവുന്ന ഒരു വാദം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കമ്യൂ: കക്ഷികൾ രണ്ടായി നിന്നു മത്സരിച്ചു എന്നതാണ്. ഇവ ഒന്നായാൽ എന്തു സംഭവിക്കും എന്നു ചോദിക്കാവുന്നതാണ്. കമ്മ്യൂ: കക്ഷികൾ ഒന്നായി മൽസരിക്കുന്ന പ്രശ്നമില്ല. പ്രത്യേകിച്ചു കോൺ: ഒററക്കു നിന്നു മൽസരിക്കുമ്പോൾ. ഇവരുടെ വിയോജിപ്പിൻെറ കാരണങ്ങൾ വിശദമായി ഇവിടെ പ്രതിപാദിക്കേണ്ടുന്ന ആവശ്യം ഇല്ലാത്തതിനാൽ വിവരിക്കുന്നില്ല. ഇനി ഒന്നായി നിന്നു മൽസരിച്ചാൽ തന്നെ മുൻപ് പറഞ്ഞ 69 സീററുകളിൽനിന്നു കോട്ടയം, കൊടകര, അരൂർ, പുനലൂർ, ആലപ്പുഴ, പീരുമേട്, തിരുവനന്തപുരം, വടക്കാഞ്ചേരി, ഒല്ലൂർ, കൊല്ലം, ഇരവിപുരം, പാലക്കാട്ട്, വൈക്കം, കുണ്ടറ, കൃഷ്ണപുരം, വടകര, ഗുരുവായൂർ, കരുനാഗപ്പള്ളി, ചടയമംഗലം, എന്നീ 9 സീററുകൾ നഷ്ടപ്പെടാവുന്നതാണ്. അപ്പോഴും കോൺ: ൻെറ സീററുകളുടെ എണ്ണം 50 ആയിരിക്കും. കോൺ: ൻെറ 50 സീററുകളും കേരളാ കോൺ:ൽ നിന്നു കോൺ: ന് ലഭിക്കുന്ന 6 സീററുകൾ കഴിച്ചുള്ള 17 സീററുകളും കൂടിയാൽ 67 ആകുന്നതിനാൽ ഒരു കമ്മ്യൂ: ഭരണസാദ്ധ്യത ഇല്ലാതാ

കുന്നതാണ്  കോൺ: ഒററക്ക് നിൽക്കുന്നതുകൊണ്ട് കമ്മ്യൂണിസ്റ്റു,കഠം ഭിന്നിച്ചുനിന്ന് മൽസരിക്കുന്നതെങ്കിൽ നിഷ്പ്രയാസം ഭരണം ഭൂരിപക്ഷം നേടുവാൻ സാധിക്കുന്നതും ഒന്നിച്ചാൽപോലും അവരുടെ ഭരണത്തെ ഒഴിവാക്കാൻ സാധിക്കുന്നതും കോൺ: ഇന്നത്തേതിലും ശക്തിപ്പെടുത്തിക്കുന്നതുമാണ്.

സ്ഥാനാർത്ഥി നിർണ്ണയത്തിലും, പ്രചരണത്തിലും മുൻപു പറഞ്ഞിട്ടുള്ള പരിപാടികഠം സ്വീകരിക്കുന്നതുമൂലം മററു രാഷ്ട്രീയ പാർട്ടികളോടു ബന്ധപ്പെട്ടുനിൽക്കുന്ന ഒരു വലിയ വിഭാഗത്തെ കോൺ: ലേക്ക് ആകർഷിക്കുവാൻ കഴിയുന്നതാണ്. തൽഫലമായി 69 സീററുകഠം സുരക്ഷിതമാകുന്നതിനു പുറമേ പലസ്ഥാനങ്ങളിലും കോൺ:ന്റെ ശക്തി വദ്ധിക്കുന്നതും വിജയിക്കാവുന്നതുമാണു്.

കേരളത്തിലെ വോട്ടർമാരിൽ 95 ശതമാനവും രാഷ്ട്രീയ പാർട്ടികളുമായി നേരിട്ടു ബന്ധപ്പെടാത്തവരാണ്. ഒരു വിഭാഗം വോട്ടർമാർ വഗ്ഗീയ നേതാക്കന്മാരുടെ നിയന്ത്രണത്തിനു വിധേയരും കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഒഴുക്കുകഠം സ്വാധീനിക്കുന്നവരുമാണ്.

കോൺഗ്രസ്സ് വർഗ്ഗീയ നേതാക്കളെ തകർക്കത്തക്കരീതിയിൽ പ്രചരണം സംഘടിപ്പിക്കുകയും അവർ ജനങ്ങളെ വഞ്ചിക്കുന്ന രീതി തുറന്നു കാണിക്കുകയും അവരെ ഒററപ്പെടുത്തക്ക വിധത്തിലും അവരുടെ സാമൂഹ്യമാന്യത നശിപ്പിക്കുന്ന രീതിയിലും പ്രചരണം സംഘടിപ്പിക്കുകയും ചെയ്യുമ്പോഠം വഗ്ഗീയ വിരോധികളെ കോൺ: ൽ അണിനിരത്താൻ സാധിക്കും. ഒരു സേനാനായകൻ ശത്രുക്കളുടെ മമ്മപ്രധാന കേന്ദ്രങ്ങഠം തകർത്തുകൊണ്ട് ശത്രുവിന്റെ ആത്മ ധൈര്യം നശിപ്പിച്ച് വേഗം കീഴടക്കുന്ന രീതിയിൽ വർഗ്ഗീയ നേതാക്കന്മാരെ തകർക്കുന്നതോടുകൂടി വർഗ്ഗീയത സ്വാധീനിക്കുന്ന ജനങ്ങളുടെ മനസ്സിന്റെ സമനില തെററുന്നതും ഒരു തീരുമാനമെടുക്കുവാൻ അശക്തരാകുന്നതുമാണ്.

വഗ്ഗീയതയെ കോൺ: നെപ്പോലെ എതിർക്കുന്നതിന് മററയാതൊരു രാഷ്ട്രീയ പാർട്ടിക്കും സാധിക്കുന്നതല്ല. കമ്മ്യൂ: പാർട്ടി എതിത്താൽ കോൺഗ്രസ്സ് എതിർക്കുന്ന ഫലംലഭിക്കുക

യില്ല. കോൺ: എതിർക്കുമ്പോൾ കമ്മ്യൂ: കാർക്കു് വർഗ്ഗീയതയെ സഹായിക്കുക അസാദ്ധ്യമാണു്. കോൺ: ന്റെ നേതൃത്വവും സ്ഥാനാർത്ഥികളും, വർഗ്ഗീയ വിമുക്തരായ ഒരു പുതിയ സെററാകയാൽ വർഗ്ഗീയതയെ എതിർക്കുന്നതിലെ ആത്മാർത്ഥത സംശയിക്കപ്പെടുകയില്ല

കോൺഗ്രസ്സ് വർഗ്ഗീയ നേതാക്കളെ നശിപ്പിക്കുന്നരീതിയിൽ എതിർക്കുന്നതുകൊണ്ടു് പൊതുജനങ്ങൾ കോൺ: ന്റെ പിന്നിൽ അണിനിരക്കുന്നതാണു്. ആദർശങ്ങളിൽ ഉറച്ച നിലപാടും ധീരമായ നടപടികളും പൊതുജനങ്ങളെ കോൺഗ്രസ്സിൽ വിശ്വസിപ്പിക്കുന്നതും, രചനാത്മക പ്രവർത്തനപരിപാടി ജനങ്ങളെ രചനാത്മക സ്വഭാവമുള്ളവരാക്കുന്നതും, വികാരപരമായ പ്രവർത്തനം വോട്ടർമ്മാരുമായി വികാരപരമായ ഐക്യം ഉണ്ടാക്കുന്നതും, കോൺഗ്രസ്സ് പ്രഖ്യാപിച്ചിരിക്കുന്ന വാഗ്ദാനങ്ങൾ അവരെ പ്രസാദിപ്പിക്കുന്നതും എല്ലാം സംഗതികളിലും സ്വീകരിക്കുന്ന പുതുമ അവരെ കോൺഗ്രസ്സിലേക്കു ആകർഷിക്കുന്നതാണു്

കേരളത്തിലെ ഏററവും വലിയ രാഷ്ട്രീയകക്ഷിയായ ഇന്ത്യൻനാഷണൽ കോൺ:ന്റെ അടുത്ത തെരഞ്ഞെടുപ്പിൽ സ്വീകരിക്കാവുന്ന നയം ഒററക്കു മത്സരിക്കുകതന്നെയാണു്. കേരളത്തിൽ ഒരു ഉറച്ച ഭരണത്തിനും രാഷ്ട്രീയഭദ്രതക്കുംവേണ്ടി ദാഹിക്കുന്ന ജനങ്ങൾ ആദർശനിഷ്ഠമായ കോൺ: നെ വിജയിപ്പിക്കാതിരിക്കുകയില്ല. നാല്പതിനായിരത്തോളം മാത്രം വോട്ടുകൾകൂടെ കൂടുതൽ ലഭിക്കുന്നുവെങ്കിൽ ഒററക്കു ഒരു ഭരണം നൽകാവുന്നതായി മററൊരു രാഷ്ട്രീയകക്ഷിയും ഇന്നു് കേരളത്തിലില്ല.

ഇത്തവണയും ഇന്ത്യൻ നാഷണൽ കോൺ: ആദർശധീരതയോടെ സോഷ്യലിസ്റ്റു് പരിപാടികളുമായി ജനങ്ങളെ സമീപിക്കട്ടെ ഈ വഴിക്കു് കോൺ: നെ നയിക്കാൻ എല്ലാ സോഷ്യലിസ്റ്റുകളും സംഘടിച്ച് ശബ്ദമുയർത്തേണ്ട സമയമായിരിക്കുന്നു.

---

തിരുത്തു്: 8-ാംപേജിൽ പന്ത്രണ്ടാം വരിയിൽ തൃപ്പൂണിത്തുറ, തിരൂരങ്ങാടി, പന്തളം, വടക്കേക്കര, മട്ടാഞ്ചേരി എന്നിവകൂടെ ചേർത്തുവായിക്കണം.

സത്യപ്രകാശിനി പ്രസ്സ്, എറണാകുളം.